Vol. 2 Issue 300

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

671



## യുദ്ധം: ബേതലഹേമിൽ ഇക്കുറി

# ക്രിസ്തുമസ് ആഘോഷിക്കില്ല

സംയുക്തമായ തീരുമാനപ്രകാരം കരോളുകൾ, പൊതുസ്ഥലങ്ങളിലെ ക്രിസ്തുമസ് ട്രീയുടെ പ്രദർശനം, പൊതുസ്ഥലങ്ങളിലെ സമ്മാനദാന ചടങ്ങുകൾ തുടങ്ങിയവ ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. ഇടവക ദേവാലയങ്ങളിൽ നടക്കുന്ന ആഘോഷങ്ങൾക്ക് ഇത്തവണ പ്രാധാന്യം നൽകാനാണ് വിശ്വാസി സമൂഹത്തോട് ക്രൈസ്തവ നേതാക്കൾ ആവശ്യപ്പെട്ടിരിക്കുന്നത്

4

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്
2023 ഡിസംബർ 2 ശനി

# നരമോഷ്ടാക്കൾ

**ഓ**യൂരിലെ അബീഗയിൽ ലോകമെമ്പാടുമുള്ള മൊത്തം മലയാളികളുടെയും വേദനയായി മാറിയ ആഴ്ചയാണു കടന്നു പോയത്. ഉദ്വേഗത്തിന്റെ മുൾമുനയിലായിരുന്നു നാമെല്ലാവരും എന്നതായിരുന്നു സത്യം. സംഭ്രമജനകമായ വാർത്ത. അവിടെ ജാതിയോ മതമോ വിശ്വാസപ്രമാണമോ ഒന്നും യാതൊരു മതിലും തീർന്നില്ല എന്നതു നാം അനുഭവിച്ചറിഞ്ഞു. ഒടുവിൽ, വാടിത്തളർന്നു പരിക്ഷീണയായി കുട്ടിയെ കണ്ടെത്തിയപ്പോൾ അവൾ നമ്മുടെ ഭവനത്തലേക്കു മടങ്ങിവന്ന പ്രതീതിയാണുണ്ടായത്. തട്ടിക്കൊണ്ടു പോയവർ എന്തിനു അതു ചെയ്തു എന്നും മറ്റുമുള്ള വിവരങ്ങൾ പിന്നാലെ വരും എന്നു പ്രതീക്ഷിക്കാം. ഈ കേസിൽ അറസ്റ്റിലായ ഒരു വ്യക്തി അഞ്ചുലക്ഷം അനുഗാമികൾ ഉള്ള ഒരു യൂട്യൂബർ ആണെന്ന വാർത്തയും വന്നു കഴിഞ്ഞു.

ഈ തട്ടിക്കൊണ്ടുപോകൽ പോലീസിനെ നാണംകെടുത്തി പ്രതിരോധത്തിൽ ആക്കിയിരുന്നു. കേസിലെ പ്രധാന തുമ്പായ ആ വെള്ളക്കാർ (സ്വിഫ്റ്റ് ഡിസയർ) ഹോണ്ട അമെയ്സ് ആണെന്നു നിരന്തരം പറഞ്ഞിരുന്നതും, നീലക്കാറിന്റെ വിവരം അവസാനനിമിഷം വരെ പുറത്തുവിടാഞ്ഞതും പോലീസ് പയറ്റിയ തന്ത്രം ആയി നമുക്കു മനസ്സിലാക്കാം. അതിൽ അവർ വിജയിച്ചു. എന്നിരുന്നാലും സോഷ്യൽ മീഡിയയും നാട്ടുകാരും കൈകോർത്തതാണു കുട്ടിയുടെ മടക്കം വേഗത്തിലാക്കിയത്. ആ സത്യം ഇനിയെങ്കിലും പോലീസ് അംഗീകരിച്ചേ മതിയാവൂ.

ഓരോ ദിവസം കഴിയുന്തോറും സമൂഹം കൂടുതൽ സങ്കീർണ്ണമായി മാറുകയാണ്. അശാന്തിയുടെയും അസ്വസ്ഥതയുടെയും ദിനങ്ങൾ. പോലീസ് പുറത്തുവിട്ട രേഖാചിത്രങ്ങൾ കണ്ടു "അവൻ തന്നെയല്ലോ ഇതു" എന്നു തെറ്റിദ്ധരിച്ചു ഒരുവന്റെ വീടു തെമ്മാടികൾ തല്ലിത്തകർത്തു. നിരപരാധിയായ മറ്റൊരു സ്ത്രീ നില്ക്കക്കള്ളിയില്ലാതെ കുട്ടിയുടെ വീടു സന്ദർശിക്കേണ്ടി വന്നു. ഒരു പ്രശ്നം മറ്റു നൂറായിരം പ്രശ്നങ്ങളിലേക്കു വഴി തുറക്കുകയായി.

ഈ സംഭവപരമ്പര അരങ്ങേറുമ്പോൾ എന്റെ മനസ്സിലോടിയെത്തിയതു പൗലോസ് എഴുതിയിട്ട "നരമോഷ്ടാക്കൾ" എന്ന വാക്കായിരുന്നു (1തിമോ:1: 9). എന്റെ ചെറുപ്പത്തിൽ ഏകദേശം അമ്പതു വർഷം മുമ്പു ഈ വാക്കു വായിച്ചപ്പോൾ അതിന്റെ അർത്ഥം അന്നു ഗ്രഹിക്കാൻ കഴിഞ്ഞില്ല. "കിഡ്നാപ്പിങ്" എന്ന തട്ടികൊണ്ടുപോകൽ അന്നു അത്ര സർവ്വസാധാരണം അല്ലായിരുന്നു. ആകെ കേട്ടിട്ടുള്ള വാക്കു 'പിള്ളേരെപ്പിടുത്തക്കാർ"എന്നതു മാത്രമായിരുന്നു. ഭിക്ഷാടന മാഫിയ കുട്ടികളെ പിടിച്ചുകൊണ്ടുപോകും കണ്ണുകുത്തിപ്പൊട്ടിക്കും, കൈകാലുകൾ തല്ലിയൊടിക്കും, പൊള്ളിക്കും എന്നൊക്കെയുള്ളതു ഭയത്തിന്റെ അഗ്നിപർവതമായി മിക്ക കുട്ടികളെയും ഉള്ളിൽ പുകഞ്ഞു കൊണ്ടിരുന്നു എന്നതായിരുന്നു സത്യം. ഇന്നു തിരിഞ്ഞുനോക്കുമ്പോൾ ഭിക്ഷാടനം മാത്രമല്ലായിരുന്നു ആ മാഫിയാകളുടെ ലക്ഷ്യം എന്നു തിരിച്ചറിയുന്നു.

'നരമോഷ്ടാക്കൾ' എന്ന വാക്കിനു ഗ്രീക്ക്ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിനു; നരമോഷ്ടാക്കൾ, അടിമക്കച്ചവടക്കാരൻ, ഒരുവന്റെ അടിമകളെ മോഷ്ടിച്ചു കൊണ്ടുപോയി മറിച്ചു വില്ക്കുന്നവൻ എന്നൊക്കെയാണു അർത്ഥം. അടിമക്കച്ചവടം നിയമപരമായി അംഗീകരിക്കപ്പെട്ടിരുന്ന കാലത്തുപോലും ബൈബിൾ അതിനെ പാപമായി കണക്കാക്കിയിരുന്നു. ഒനേസിമോസ് ഫിലേമോന്റെ ലേഖനവും ഉത്തമോദാഹരണങ്ങളാണ്.

മനുഷ്യക്കടത്തു എന്ന മറ്റൊരു തിന്മയും ഇന്നു സുലഭമായി കേൾക്കുന്നു. ഒരു രാജ്യത്തു നിന്നു മറ്റൊരു രാജ്യത്തേക്കു നിയമപരമല്ലാതെ, വിസ ഇല്ലാതെ, ആൾക്കാരെ വളഞ്ഞ വഴിയിലൂടെ കൊണ്ടുപോകുന്നതിനെയാണു മനുഷ്യക്കടത്തു എന്നുപറയുന്നത്. ഇതെല്ലാം ബൈബിൾ പ്രവചനങ്ങളുടെ നിവൃത്തീകരണമാണ്. 'അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരുമെന്നറിക' (2 തിമോ: 3: 1) എന്ന വാക്യത്തെ അന്വർത്ഥമാക്കിയാണു ഓരോ ദിവസവും കടന്നു പോകുന്നത്. ജനസാന്ദ്രത വർദ്ധിക്കുന്നതു പ്രശ്നങ്ങൾ വർദ്ധിക്കുന്നതിനു കാരണമാകുന്നുണ്ട്. ചതുരശ്ര കിലോമീറ്ററിനു 860 വ്യക്തികൾ എന്നതാണു കേരളത്തിലെ ജനസാന്ദ്രത, ഇന്ത്യയിൽ ഇതു 481 ആണ്. ഒരു രാഷ്ട്രം നിലനിന്നു പോകേണ്ടതിന്നു അത്യന്താപേക്ഷിതമായ ശരാശരി ജനസാന്ദ്രത 50 മുതൽ 100 വരെ ആണ്. ഇതിൽനിന്നു കേരളത്തിന്റെ 'പ്രശ്നസാന്ദ്രത' എത്ര മടങ്ങാണെന്നു കണക്കാക്കിക്കൊള്ളുക. ഇതിന്റെയെല്ലാം നടുവിൽ നമ്മെ ജയത്തോടെ നടത്തുന്ന ദൈവത്തിനു സ്തോത്രം. അവന്റെ നാമം എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.



പാസ്റ്റർ സണ്ണി പി. ശാമുവേൽ

## വേദപുസ്തകം സത്യപുസ്തകം

ബൈബിൾ സത്യമാണ്. ബൈബിളിൽ നിന്നും ജനങ്ങൾക്ക് അനേകം കാര്യങ്ങൾ പഠിക്കാനുണ്ട്.
ബൈബിൾ ഏതൊരു വ്യക്തിയെയും വിശ്വാസത്തിലേക്കു കൊണ്ടുവരുന്ന വിശുദ്ധഗ്രന്ഥമാണ്. മഹാത്മാഗാന്ധി പോലും അംഗീകരിച്ച വിശുദ്ധ ഗ്രന്ഥമാണ്. ലോകാവസാനം വരെയുള്ള കാര്യങ്ങൾ ഇതിൽ വെളിപ്പെടുത്തിയിരിക്കുന്നു.



വിജി ചെറിയാൻ
ഗിൽഗാൽ ചർച്ച്, അലൈൻ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ
എഴുത്തു മത്സരം




GOD'S OWN MINISTRY
GERSHOM
AL QTR TOURISM
Quality Tourism Resources

## മക്കപ്പുഴ കൺവൻഷൻ ഡിസംബർ 4 മുതൽ

റാന്നി :ബെഥേസ്ഥ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഒരുക്കുന്ന മക്കപുഴ കൺവൻഷൻ ഡിസംബർ 4 മുതൽ 8 വരെ റാന്നി ചേത്തക്കൽ പഴവങ്ങാടി ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ കെ ജെ തോമസ്കുട്ടി പാസ്റ്റർ പി. എ. ജെറാൾഡ്, പാസ്റ്റർ പി. സി. ചെറിയാൻ പാസ്റ്റർ കെ എ എബ്രഹാം, സിസ്റ്റർ അക്സ പ്രവീൺ റാന്നി, പാസ്റ്റർ സുഭാഷ് കുമരകം എന്നിവർ ശുശ്രൂഷിക്കും. മിസിയോ ഡെയ് മ്യൂസിക് ബാൻഡ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ പ്രവീൺ കൊട്ടാരക്കര കൺവൻഷന് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക്: 8921550310.

## പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ദൈവസഭാ 93–ാമത് ജനറൽ കൺവൻഷൻ കലയപുരത്ത്

കലയപുരം: ദൈവസഭാ 93–ാമത് ജനറൽ കൺവൻഷൻ ഡിസംബർ 21 മുതൽ 24 വരെ കലയപുരം ദൈവസഭ കൺവൻഷൻ സെന്ററിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ ജോർജ് ഫിലിപ്പ് ഉത്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ ഉമ്മൻ പി. ക്ലെമൻസൺ, കെ.ആർ. മനോജ്, ഫെയ്ത് ബ്ലെസ്സൺ, എബി ആയിരൂർ, ജോൺസൻ ജോർജ്, പി.വി. ഗിരിജൻ എന്നിവർ പ്രസംഗിക്കും. ബിനു ചാരുതയുടെ നേതൃത്വത്തിൽ ദൈവസഭാ ഗായകസംഘം സംഗീത ശുശ്രൂഷ നിർവഹിക്കും. സമ്മേളനത്തിനോടനുബന്ധിച്ച് ബൈബിൾ ക്ലാസ്, സൺഡേസ്കൂൾ, സി.വൈ.പി.എ , സോദരി സമാജം വാർഷീക യോഗങ്ങൾ, ശുശ്രൂഷകരുടെ സെമിനാർ, ജനറൽ ബോഡി എന്നിവ നടക്കും.ഞായറാഴ്ച രാവിലെ 9 മുതൽ 1 വരെ സംയുക്ത ആരാധനയും ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. പൊതുയോഗങ്ങൾ വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകീട്ട് 6 മുതൽ 9 വരെ ആയിരിക്കും. ദൈവസഭയുടെ കേരളം, തമിഴ്നാട്, ഒഡീഷ, ഛത്തീസ്ഗഢ്, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കും.

## വാർഷിക യോഗവും സ്തോത്ര പ്രാർത്ഥനയും

കായംകുളം: ഡിവൈൻ പ്രയർ മിനിസ്ട്രീസ് ഇന്ത്യയുടെ വാർഷിക യോഗവും സ്തോത്ര പ്രാർത്ഥനയും ഡിസംബർ 3 വൈകിട്ട് 6നു കായംകുളം ഡിവൈൻ പ്രയർ സെന്ററിൽ നടക്കും. ഡോ. ജോമോൻ തെക്കേക്കരയുടെ അധ്യക്ഷതയിൽ മുഖ്യപ്രഭാഷണം പാസ്റ്റർ വി.പി ഫിലിപ്പ് നിർവഹിക്കും. മിനിസ്ട്രിയുടെ ചരിത്രം പാസ്റ്റർ എം കെ സ്കറിയ അവതരിപ്പിക്കും. പാസ്റ്റർ വർഗീസ് ബേബി പ്രയർ ടീം സ്തോത്ര പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകും. ബ്രദർ ബിനു എബ്രഹാം സംഗീത ആരാധന നയിക്കും. 23 വർഷമായി ഇന്ത്യയുടെ ആത്മീയ ഉണർവിന് ആയിരക്കണക്കിന് പ്രാർത്ഥന സഹകാരികൾ ഉള്ള പ്രസ്ഥാനമാണ് ഡിവൈൻ പ്രയർ മിനിസ്ട്രീസ് .

## ന്യൂ ലൈഫ് ചർച്ച് ഓഫ് ഗോഡ് ലേഡീസ് മിനിസ്ട്രി: സംസ്ഥാന സമ്മേളനം

പാമ്പാടി: ന്യൂ ലൈഫ് ചർച്ച് ഓഫ് ഗോഡ് ദൈവസഭയുടെ ലേഡീസ് മിനിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ സംസ്ഥാന സമ്മേളനം ഡിസംബർ 9 ന് ന്യൂ ലൈഫ് ചർച്ച് ഓഫ് ഗോഡ് പുളിക്കൽകവലയിൽ നടക്കും. പ്രസിഡന്റ് ലീലാമ്മ മാത്യു സമ്മേളനം ഉദ്ഘാടനം ചെയ്യും. ഷീല ദാസ് പ്രസംഗിക്കും. സഭ ജനറൽ സെക്രട്ടറി പാസ്റ്റർ എം.ജെ. മത്തായി അധ്യക്ഷത വഹിക്കും. ഗാനശുശ്രൂഷ ന്യൂ ലൈഫ് മെലഡീസ് നിർവഹിക്കും.




ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### ഘാന




**തലസ്ഥാനം:**
അക്രാ
**ഭാഷ:**
ഇംഗ്ലീഷ്
**ജനസംഖ്യ:**
34,121,985
**പ്രസിഡണ്ട്:**
നാന അകുഫോ അദ്ദോ
**മതം :**
ക്രസ്ത്യൻ

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- ഘാനയിലെ സഭകൾക്കായി പ്രാർത്ഥിക്കുക. ഗ്രാമങ്ങളിൽ നിന്നും മിഷണറിമാർ എഴുന്നേൽക്കട്ടെ.
- നാമധേയ ക്രിസ്ത്യാനികളാണ് ഏറെയും. ഇവർ വിശ്വാസത്തിൽ ശക്തിപ്പെടട്ടെ! സുവിശേഷത്തിന്റെ യഥാർത്ഥ ശക്തി മനസിലാക്കട്ടെ! മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

സിസ്റ്റർ റ്റിജി കോശി (പ്രയർ കോർഡിനറ്റർ, ക്രിസ്ത്യൻ ലൈവ്):+966 58 177 6032

Contact us: +91 98465 52220,
+91 99619 33322

## ക്രൈസ്തവരെ പീഡിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാമത് ഉത്തർപ്രദേശ്




ഡെറാഡൂൺ : ക്രൈസ്തവർക്ക് നേരെയുള്ള മതപരിവർത്തനം നിരോധിക്കുന്ന കർശനമായ നിയമം ഏർപ്പെടുത്തിയതിന് ശേഷവും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഉത്തർപ്രദേശിൽ അറസ്റ്റിലായത് 400 ക്രൈസ്തവ വിശ്വസികൾ . പ്രാദേശിക ക്രൈസ്തവ നേതാക്കാളാണ് 2020 നവംബർ 27 മുതൽ 2023 നവംബർ 27 വരെയുള്ള കണക്കുകളുമായി രംഗത്ത് എത്തിയിരിക്കുന്നത്.

രാജ്യത്തെ ഏറ്റവും ജനസംഖ്യയുള്ള സംസ്ഥാനമായ ഉത്തർപ്രദേശിലെ പോലീസ് ക്രൈസ്തവർക്കെതിരെ രജിസ്റ്റർ ചെയ്തിരിക്കുന്നത് 181 കേസുകളാണ്. ഇതുവരെ അറസ്റ്റിലായ 398 പേരിൽ ഭൂരിഭാഗവും പ്രൊട്ടസ്റ്റന്റ് പാസ്റ്റർമാരും ക്രിസ്ത്യൻ ഗ്രൂപ്പുകളുടെ അനുയായികളുമാണ്. ജയിലിലായവരിൽ ഒരു കത്തോലിക്കാ പുരോഹിതനെ കൂടാതെ 318 പുരുഷന്മാരും 80 സ്ത്രീകളും ഉൾപ്പെടുന്നു. ഇവരിൽ ഭൂരിഭാഗവും നിലവിൽ ജാമ്യത്തിലാണ്, അലഹബാദ് രൂപതയിലെ സോഷ്യൽ വർക്ക് ഡയറക്ടർ ഫാദർ ബാബു ഫ്രാൻസിസ് ഉൾപ്പെടെ 50 ഓളം പേർ മാത്രമാണ് നിലവിൽ ജയിലിൽ കഴിയുന്നത്.

ഇന്ത്യയിലെ 1.4 ബില്യൺ ജനങ്ങളിൽ 2.3 ശതമാനം ക്രൈസ്തവരാണ്. അവരിൽ 80 ശതമാനത്തോളം ഹിന്ദുക്കളാണ്. ഉത്തർപ്രദേശിൽ, സംസ്ഥാനത്തെ 200 ദശലക്ഷത്തിലധികം ജനങ്ങളിൽ 0.18 ശതമാനം മാത്രമാണ് ക്രൈസ്തവർ.

# ബഥേൽ ഇന്റർനാഷണൽ പെന്തെക്കോസ്തൽ ചർച്ച് : ഉപവാസ പ്രാർത്ഥന

ജർമ്മിനി :ബഥേൽ ഇന്റർനാഷണൽ പെന്തെക്കോസ്തൽ ചർച്ചിന്റെ (ജർമ്മിനി) ആഭിമുഖ്യത്തിൽ ഡിസംബർ 4 മുതൽ 10 വരെ ഉപവാസ പ്രാർത്ഥന നടക്കും. എല്ലാ ദിവസവും വൈകിട്ട് 7 മുതൽ 8.30 വരെ (ഇന്ത്യൻ സമയം 11. 30 മുതൽ 1 വരെ) സൂം പ്ലാറ്റ്ഫോമിൽ നടക്കും. പാസ്റ്റർമാരായ സാം മാത്യു , രാജൻ വികൂർ , ജിബിൻ പൂവക്കാല , അണ്ണാദുരെ , രാജേഷ് ഏലപ്പാറ എന്നിവർ പ്രസംഗിക്കും. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ഷാജു ശാമുവേൽ നേതൃത്വം നല്കും .

# വിവാദ പ്രസംഗം നടത്തിയ ക്രിസ്ത്യൻ പ്രവാചകനെ തടവിലാക്കി ശ്രീലങ്കൻ കോടതി



കൊളംമ്പോ:ദ്വീപിലെ ബുദ്ധഭൂരിപക്ഷം വരുന്ന ബുദ്ധമതക്കാരെ അപമാനിക്കുന്ന തരത്തിൽ പ്രസംഗം നടത്തിയെന്നാരോപിച്ച് സ്വയം പ്രഖ്യാപിത ക്രിസ്ത്യൻ പ്രവാചകനെ രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്തതായി ശ്രീലങ്കൻ കോടതി.

ബുദ്ധൻ 'യേശുവിനെ അന്വേഷിക്കുകയായിരുന്നു' എന്ന് പ്രവാചകൻ ജെറോം ഫെർണാണ്ടോ നടത്തിയ പ്രസംഗത്തിനാണ് വെള്ളിയാഴ്ച അറസ്റ്റ് രേഖപ്പെടുത്തിയത്. ദ്വീപിൽ ബുദ്ധമതത്തിനെതിരെ മെയ് മാസം നടത്തിയ പ്രസംഗത്തിനു ശേഷം അറസ്റ്റ് ഭയന്ന് രാജ്യം വിട്ട ഫെർണാണ്ടോ കഴിഞ്ഞ ദിവസമാണ് ക്ഷമാപണം നടത്തി ദ്വീപിലേക്ക് തിരിച്ചെത്തിയത്. പിന്നാലെ ആയിരുന്നു ഒരു മുന്നറിയിപ്പും കൂടാതെ അറസ്റ്റ് നടന്നത്.

# യിസ്രായേലിന്റെ വ്യോമാക്രമണത്തെ തടഞ്ഞ് സിറിയൻ പ്രതിരോധ സംഘങ്ങൾ

**കഴിഞ്ഞ ആഴ്ചകളിൽ യിസ്രായേൽ സൈന്യം സിറിയയിലെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ വ്യോമാക്രമണം നടത്തിയിരുന്നു. അതിന്റെ ഭാഗമായി കുറച്ചു ദിവസത്തേക്ക് വിമാന സർവീസുകൾ തടസപ്പെട്ടിരുന്നു**



ദമാസ്കസ്: തലസ്ഥാന നഗരിയായ ദമാസ്കസിന് നേരെ യിസ്രായേൽ സൈന്യം നടത്തിയ റോക്കറ്റ് ആക്രമണത്തെ ചെറുത്ത് സിറിയൻ സൈനിക സംഘങ്ങൾ. ശനിയാഴ്ച പുലർച്ചയോടെയാണ് ദമാസ്കസിന് നേരെ ആക്രമണം ഉണ്ടായതെന്ന് പേര് വെളിപ്പെടുത്താത്ത സൈനിക സ്രോതസ്സുകളെ ഉദ്ധരിച്ച് കൊണ്ട് പ്രാദേശിക അറബ് ന്യൂസ് ഏജൻസി പറഞ്ഞു. സിറിയയിലെ ഗോലൻ എന്ന പ്രദേശത്ത് നിന്ന് ദമാസ്കസ് നഗരത്തിന് സമീപമുള്ള ചില പോയിന്റുകൾ ലക്ഷ്യമാക്കി യിസ്രായേൽ വ്യോമാക്രമണം നടത്തുകയായിരുന്നെന്നും ആക്രമണത്തിൽ നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ലെന്നും ന്യൂസ് ഏജൻസി പറഞ്ഞു. യിസ്രായേലിന്റെ ഭൂരിഭാഗം മിസൈലുകളും സിറിയൻ ആർമിയുടെ വ്യോമ പ്രതിരോധ സംഘങ്ങൾ വെടിവെച്ച് വീഴ്ത്തിയതായും അതുമായി ബന്ധപ്പെട്ട ഭൗതിക നഷ്ടങ്ങളാണ് രാജ്യത്തിന് സംഭവിച്ചിട്ടുള്ളതെന്നും പൗരന്മാർ സുരക്ഷിതരാണെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു. കഴിഞ്ഞ ആഴ്ചകളിൽ യിസ്രായേൽ സൈന്യം സിറിയയിലെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ വ്യോമാക്രമണം നടത്തിയിരുന്നു. അതിന്റെ ഭാഗമായി കുറച്ചു ദിവസത്തേക്ക് വിമാന സർവീസുകൾ തടസപ്പെട്ടിരുന്നു. കൂടാതെ ലെബനൻ അതിർത്തി പട്ടണമായ ഹൗലയെ ലക്ഷ്യമിട്ട് യിസ്രായേൽ നടത്തിയ ആക്രമണത്തിൽ ഒരു സ്ത്രീയും അവരുടെ 35 വയസ്സുള്ള മകനും കൊല്ലപ്പെട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## നിത്യതയിൽ



ഹൂസ്റ്റൺ : ഹൂസ്റ്റണിലെ ആദ്യകാല മലയാളിയും മലബാറിലെ രാജപുരം പാരീഷ് അംഗവുമായ ജോസഫ് മാടച്ചേരിൽ (76) നിര്യാതനായി.
ഭാര്യ : ഏലിയാമ്മ ജോസഫ് (എൽസി) തൊട്ടിയിൽ കുടുംബാംഗമാണ്. മക്കൾ : ജാസൺ മാടച്ചേരിൽ, ജെയ്നി, നോയൽ പാടത്ത്.കൊച്ചുമക്കൾ : സോഫിയ, സാറാ പാടത്ത്. സഹോദരങ്ങൾ : പരേതനായ എസ്തപ്പാൻ, പരേതയായ മേരിക്കുട്ടി കപ്പിലുങ്കൽ, പരേതയായ ഏലിയാമ്മ, പരേതനായ മാത്യു, ഗ്രേസി.സംസ്കാരം പിന്നീട്.

# ക്രിസ്തുമസ് ആഘോഷങ്ങൾ ഒഴിവാക്കി ജറുസലേമിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങൾ

ബെത്ഹേം: യിസ്രായേൽ ഹമാസ് യുദ്ധത്തിന്റെ ഇരകളോടുള്ള ആദരവായി ജെറുസലേമിൽ പ്രമുഖ ക്രൈസ്തവ തീർത്ഥാടന കേന്ദ്രങ്ങൾ ഇത്തവണ ക്രിസ്തുമസ് ആഘോഷങ്ങൾ ഒഴിവാക്കും. ജോർദാനാണ് ഇത് സംബന്ധിച്ച് നവംബർ മാസം ആദ്യം തീരുമാനമെടുത്തത് . പിന്നാലെ ജെറുസലേമും, ബെത്ഹേമും സമാനമായ തീരുമാനത്തിൽ എത്തിചേർന്നു. ക്രിസ്തുമസ് ആഘോഷങ്ങൾ റദ്ദാക്കുന്ന കാര്യത്തിൽ ജോർദാനിൽ തീരുമാനമെടുത്തത് വിവിധ സഭകളുടെ കൂട്ടായ്മയായ കൗൺസിൽ ഓഫ് ചർച്ച് ലീഡേഴ്സാണ്.
സംയുക്തമായ തീരുമാനപ്രകാരം കരോളുകൾ, പൊതുസ്ഥലങ്ങളിലെ ക്രിസ്തുമസ് ട്രീയുടെ പ്രദർശനം, പൊതുസ്ഥലങ്ങളിലെ സമ്മാനദാന ചടങ്ങുകൾ തുടങ്ങിയവ ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. ഇടവക ദേവാലയങ്ങളിൽ നടക്കുന്ന ആഘോഷങ്ങൾക്ക് ഇത്തവണ പ്രാധാന്യം നൽകാനാണ് വിശ്വാസി സമൂഹത്തോട് ക്രൈസ്തവ നേതാക്കൾ ആവശ്യപ്പെട്ടിരിക്കുന്നത്. കൗൺസിൽ ഓഫ് ചർച്ച് ലീഡേഴ്സിന് സമാനമായി ജെറുസലേമിൽ പ്രവർത്തിക്കുന്ന പാത്രിയാർക്കീസ് ആൻഡ് ഹെഡ്സ് ഓഫ് ചർച്ചസ് നവംബർ പത്താം തീയതിയാണ് പൊതുസ്ഥലങ്ങളിലെ ക്രിസ്തുമസ് ആഘോഷങ്ങൾ റദ്ദ് ചെയ്തുകൊണ്ടുള്ള പ്രഖ്യാപനം നടത്തിയത്.



# ലോകത്ത് മൂന്ന് കോടിയോളം കുട്ടികൾ പട്ടിണിയിൽ: സേവ് ദി ചിൽഡ്രൻ സംഘടന

ലണ്ടൻ :ലോകത്തെമ്പാടുമായി രണ്ടുകോടി എഴുപത് ലക്ഷത്തോളം കുട്ടികൾ കടുത്ത കാലാവസ്ഥാ വ്യതിയാനങ്ങളുടെ പാർശ്വഫലമായി പട്ടിണിയനുഭവിക്കുന്നുവെന്ന് കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന സേവ് ദി ചിൽഡ്രൻ അന്താരാഷ്ട്രസംഘടന. ഇവരിൽ പകുതിയും എത്യോപ്യയിലും സൊമാലിയയിലുമാണെന്നും നവംബർ 29 ന് പുറത്തുവിട്ട പത്രക്കുറിപ്പിലൂടെ സംഘടന വ്യക്തമാക്കി.
കടുത്ത കാലാവസ്ഥാപ്രതിസന്ധി മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ കണക്കുകളെ അപേക്ഷിച്ച് ഏതാണ്ട് 135 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 58 രാജ്യങ്ങളിലെ പട്ടിണിയുടെ ബന്ധപ്പെട്ട് 2022ൽ തയ്യാറാക്കിയ കണക്കുകൾ പ്രകാരം ഏതാണ്ട് അഞ്ചേമുക്കാൽ കോടിയോളം ആളുകളാണ് കടുത്ത പട്ടിണിയനുഭവിക്കുന്നത്. ഇവരിൽ പകുതിയോളം (27 മില്യൺ) പേർ കുട്ടികളാണ്.
അഗ്നിബാധ, വെള്ളപ്പൊക്കം, വരൾച്ച, കൊടുങ്കാറ്റ്, തുടങ്ങിയവ സാധാരണ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, കാലാവസ്ഥാ പ്രതിസന്ധി മാത്രമല്ല, അസമത്വവും വർദ്ധിച്ചുവരികയാണെന്നും, ഇവിടെയാണ് പട്ടിണി കൂടി കടന്നുവരുന്നതെന്നും, സേവ് ദി ചിൽഡ്രൻ സംഘടനയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇംഗെർ അഷിങ് പ്രസ്താവിച്ചു.

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 300
2
Saturday
Pages 5
671

